**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 164** **05-12-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ഇൻഷുറൻസ് കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ ഇൻഷ്വറൻസ് കാർഡ് എടുക്കുന്നതിനും, പുതുതായി അംഗങ്ങളെ ചേർക്കുന്നതിനും നിലവിൽ അവസരമുണ്ടോ; ഇല്ല എങ്കിൽ ഇതിന്മേലുള്ള നടപടിക്രമങ്ങൾ എന്നേക്ക് ആരംഭിക്കും;വിശദമാക്കാമോ? | (എ) | 2019 ഏപ്രിൽ മാസം മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. 2018-19 കാലഘട്ടത്തിൽ RSBY കാർഡ് പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ എന്നിവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഇതു കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തവർക്കായി എ.പി.എൽ/ബി.പി.എൽ. വ്യത്യാസ മില്ലാതെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 2 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം വരെയുള്ള ചികിത്സാ ആനുകൂല്യവും നൽകി വരുന്നു. KASP-ൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്. നിലവിൽ ആരോഗ്യപരിരക്ഷ ലഭ്യമല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നും അവർക്കുകൂടി പദ്ധതി ഏർപ്പെടുത്താൻ കഴിയുമോ എന്നതും സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ